"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

പൊതുവിദ്യാഭ്യാസം - പാലക്കാട് തിരുവാലത്തൂർ GMVHSS-ലെ NVT in commerce (Senior) അദ്ധ്യാപികയായ ശ്രീമതി അതുല്യ കെ.ആർ. ഫയൽ ചെയ്ത WP(C)No.3334/2025-ന്മേൽ ബഹു. ഹൈക്കോടതി 29.01.2025 തീയതിയിൽ പുറപ്പെടുവിച്ച വിധിന്യായം നടപ്പിലാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു

---

പൊതുവിദ്യാഭ്യാസ (ബി) വകുപ്പ്

സ.ഉ.(സാധാ) നം.3485/2026/GEDN തീയതി,തിരുവനന്തപുരം, 21-05-2026

---

പരാമർശം:-

1. ശ്രീമതി.അതുല്യകെ.ആർ.16.01.2025 തീയതിയിൽ സർക്കാരിൽ സമർപ്പിച്ച ഹർജി (Ext P6)
2. WP(C)No.3334/2025-ന്മേൽ ബഹു. ഹൈക്കോടതി 29.01.2025 തീയതിയിൽ പുറപ്പെടുവിച്ച വിധിന്യായം
3. പൊതു വിദ്യാഭ്യാസ ( തൊഴിലധിഷ്ഠിത ഹയർ സെക്കണ്ടറി വിഭാഗം ) ഡയറക്ടറുടെ 05.05.2025, 21.03.2026 എന്നീ തീയതികളിലെ E3/4927 /2017 നമ്പർ കത്ത്
4. W.P(C) No 3334/25-ൽ ഫയൽ ചെയ്ത CoCNo 2746/25-ൽ 8/4/26-ലെ കോടതി ഉത്തരവ്

ഉത്തരവ്

പാലക്കാട് തിരുവാലത്തൂർ GMVHSS-ലെ NVT in Commerce (Senior) അദ്ധ്യാപികയായ ശ്രീമതി അതുല്യ കെ.ആർ. ഫയൽ ചെയ്ത WP(C)No.3334/2025 കേസ്സിന്മേൽ ബഹു. ഹൈക്കോടതി 29.01.2025 തീയതിയിൽ പുറപ്പെടുവിച്ച വിധിന്യായത്തിൽ, ഹർജിക്കാരിയെ കേട്ടശേഷം പരാമർശം (EXT P6 ) പരിശോധിച്ച് തീരുമാനം കൈക്കൊള്ളുന്നതിന് ഒന്നാം എതിർകക്ഷിയായ പൊതുവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിക്ക് നിർദ്ദേശം നൽകിയിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട കക്ഷികളെ 07.05.2025 തീയതിയിൽ ഗൂഗിൾ മീറ്റ് മുഖാന്തരം കേൾക്കുകയുണ്ടായി

**2. ഹർജിക്കാരിയുടെ വാദങ്ങൾ ചുവടെ ചേർക്കുന്നു :**

(i) പാലക്കാട് ഗോപാൽ മെമ്മോറിയൽ VHSS-ൽ വച്ച് 10.01.2022-ൽ നടത്തിയ ഇന്റർവ്യൂവിൽ NVT in Commerce (Senior) ആയി തിരഞ്ഞെടുക്കപ്പെട്ട ഹർജിക്കാരിയുടെ സെലക്ഷൻ

അപ്രൂവൽ ഉത്തരവ് പൊതുവിദ്യാഭ്യാസ ഡയറക്ടർ നൽകിയത് 18.11.2023-ലാണ്. തുടർന്ന് ടിയാൾക്ക് നിയമനാംഗീകാരം ലഭിച്ചത് 24.11.2023 തീയതിയിലാണ്.

(ii) ഇതേ ഇൻററർവ്യൂവിൽ ടിയാളോടൊപ്പം NVT (Commerce) ആയി തെരഞ്ഞെടുക്കപ്പെട്ട ശ്രീമതി ഹർഷിതയ്ക്ക് പൊതുവിദ്യാഭ്യാസ ഡയറക്ടർ 15.02.2022-ൽ തന്നെ അപ്രൂവൽ നൽകുകയും 22.02.2022 ൽ നിയമനാംഗീകാരം നൽകുകയും ചെയ്തു.

(iii) ഹർജിക്കാരിക്ക് 24.11.2023-ൽ മാത്രം നിയമനാംഗീകാരം നൽകിയതിനെ തുടർന്ന് ടിയാളുടെ സേവനകാലം ഒരു വർഷം 9 മാസം 2 ദിവസം നഷ്ടപ്പെടുത്തി.

(iv) ഹർജിക്കാരിയുടെ ഇന്റർവ്യൂ വിവരങ്ങൾ കുറ്റിപ്പുറം അസിസ്റ്റന്റ് ഡയറക്ടർ 15.01.2022-ലെ കത്ത് പ്രകാരം പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് നൽകിയിരുന്നു. എന്നാൽ ഹർജിക്കാരിയുടെ സെലക്ഷൻ അപ്രൂവൽ ഉത്തരവ് പൊതുവിദ്യാഭ്യാസ ഡയറക്ടർ കുറ്റിപ്പുറം അസിസ്റ്റന്റ് ഡയറക്ടർക്ക് നൽകിയിട്ടുള്ളത് 18.11.2023-ലെ കത്ത് പ്രകാരമാണ്. ടിയാൾക്ക് പൊതുവിദ്യാഭ്യാസ ഡയറക്ടർ നിയമനാംഗീകാരം നൽകിയത് 30.12.2023-ലെ ഉത്തരവ് പ്രകാരമാണ്.

(v) ഒരേ തീയതിയിൽ തെരഞ്ഞെടുക്കപ്പെട്ട ഹർജിക്കാരിക്ക് 24.11.2023-ലും ശ്രീമതി ഹർഷിതയ്ക്ക് 22.02.2022-ലും നിയമനാംഗീകാരം നൽകിയ നടപടിയെ discrimination and illegality എന്നാണ് കോടതിവിധിയിൽ പരാമർശിച്ചിരിക്കുന്നത്.

(vi) ഹർജിക്കാരിയുടെ നിയമനം 22.02.2022 മുതൽ തന്നെ അംഗീകരിച്ച് ശമ്പളവും ആനുകൂല്യങ്ങളും നൽകി നീതി ഉറപ്പാക്കണമെന്നാണ് ടിയാൾ ആവശ്യപ്പെടുന്നത്.

<u>3. പൊതു വിദ്യഭ്യാസ വകുപ്പ് ഡയറക്ടറുടെ അഭിപ്രായം ചുവടെ ചേർക്കുന്നു</u>

കുറ്റിപ്പുറം VHSE മേഖലാ കാര്യാലയത്തിൽ വച്ച് 10.01.2022-ന് നടന്ന കൂടിക്കാഴ്ചയിൽ തെരഞ്ഞെടുക്കപ്പെട്ട പാലക്കാട് ജില്ലയിലെ തിരുവാത്തൂർ ജി.എം വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിലെ ശ്രീമതി അതുല്യ കെ ആർ, മാത്തൂർ സി.എഫ്.ഡി വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിലെ ശ്രീമതി ഹർഷിത എച്ച് എന്നീ ഉദ്യോഗാർത്ഥികളുടെ നിയമനവുമായി ബന്ധപ്പെട്ട സെലക്ഷൻ അപ്രൂവലിനായുള്ള

പ്രൊപ്പോസ്സലുകൾ കുറ്റിപ്പുറം മേഖല അസി.ഡയറക്ടർ വെവ്വേറെയുള്ള രണ്ട് കത്തുകൾ മുഖേന ലഭ്യമാക്കി. തുടർന്ന് അവ രണ്ട് ഫയലുകളായി മാറുകയും അതിൽ ശ്രീമതി ഹർഷിത എച്ച് -ന് സെലക്ഷൻ അപ്പ്രൂവൽ 2022 ഫെബ്രുവരി മാസത്തിൽ ലഭിക്കുകയും ചെയ്തു. ശ്രീമതി അതുല്യ കെ ആർ-ന്റെ സെലക്ഷൻ അപ്പ്രൂവൽ ബഹു പൊതുവിദ്യാഭ്യാസ ഡയറക്ടർ 09/03/2022 തീയതിയിൽ അംഗീകരിച്ച് നൽകുകയും, സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ ഫെയർ കോപ്പി ഒപ്പിടുകയും ചെയ്തിരുന്നു. എന്നാൽ ഭിന്നശേഷി സംവരണവുമായി ബന്ധപ്പെട്ട് ബഹു.കോടതിയിൽ വിവിധ കേസ്സുകൾ നിലനിന്നിരുന്ന സാഹചര്യത്തിൽ നിയമനം സംബന്ധിച്ച ഫയലുകൾ ഒപ്പിട്ടത് ഉൾപ്പടെയുള്ളവ മാറ്റി വെയ്ക്കുന്നതിനും, ബഹു.കോടതിയുടെ ഉത്തരവിനും സർക്കാർ നിർദ്ദേശങ്ങൾക്കും അനുസൃതമായി നൽകിയാൽ മതിയെന്ന നിർദ്ദേശം ഉന്നത ഉദ്യോഗസ്ഥരിൽ നിന്ന് ലഭ്യമായതിന്റെ അടിസ്ഥാനത്തിൽ നിയമനവുമായി ബന്ധപ്പെട്ട നടപടി തുടർന്ന് വന്നിരുന്ന ഫയലുകൾ എല്ലാം സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ സമക്ഷം സൂക്ഷിക്കുകയും ചെയ്തിരുന്നു. ശ്രീമതി അതുല്യ കെ.ആർ -ന്റെ നിയമനവുമായി ബന്ധപ്പെട്ട് ഫയലും ഇതിൽ ഉൾപ്പെട്ടതിനാൽ സെലക്ഷൻ അപ്പ്രൂവൽ ഒപ്പിട്ടത് സ്കൂളിലേക്ക് അയച്ച് നൽകിയിരുന്നില്ല.

സെലക്ഷൻ അപ്പ്രൂവലിനുള്ള ഫെയർ കോപ്പി സീനിയർ അഡ്മിനിസ്ട്രേറ്റിവ് ഓഫീസർ അംഗീകരിച്ചുവെങ്കിലും ഭിന്നശേഷി സംവരണവുമായി ബന്ധപ്പെട്ട ബഹു.കോടതി ഉത്തരവിന്റെയും സർക്കാർ നിർദ്ദേശങ്ങളുടേയും അടിസ്ഥാനത്തിൽ ആയത് പുറപ്പെടുവിച്ചാൽ മതിയെന്ന നിർദ്ദേശം ഇ3/83/2020 എന്ന ഫയലിൽ രേഖപ്പെടുത്തുകയും ഇതേ ആവശ്യം ഉന്നയിച്ച് മാനേജർ ഫയൽ ചെയ്ത WP(C)12798/2022-മായി ബന്ധപ്പെട്ട് സർക്കാരിന് നൽകിയ കത്തിൽ ഇക്കാര്യം പ്രതിപാദിക്കുകയും ചെയ്തു എന്ന് ടി ഫയലിന്റെ കുറിപ്പിൽ രേഖപ്പെടുത്തിയിട്ടുണ്ടെന്നും, ടി കേസിലെ വിധിന്യായത്തിൽ സെലക്ഷൻ അപ്പ്രൂവൽ വൈകി എന്ന നിരീക്ഷണം കാണുന്നില്ല എന്നും തുടർന്ന്, സർക്കാർ അനുമതിയോടെ സെലക്ഷൻ അപ്പ്രൂവലും മറ്റ് നടപടിക്രമങ്ങളും പൂർത്തിയാക്കുകയായിരുന്നുവെന്നും, സെലക്ഷൻ അപ്പ്രൂവൽ ലഭിക്കുന്ന തീയതിക്കുശേഷം മാത്രമേ VHSE വിഭാഗത്തിൽ നിന്നും നിയമന ഉത്തരവ് നൽകുവാൻ സാധിക്കു എന്നും, ആയതിനാലാണ് ശ്രീമതി അതുല്യ കെ.ആർ - ന് നിയമനം ലഭിക്കുവാൻ വൈകിയതെന്നും അറിയിക്കുന്നു. തുടർന്ന് 18/11/2023 തീയതിയിലെ കത്ത് പ്രകാരം ടിയാൾക്ക് സെലക്ഷൻ അപ്പ്രൂവൽ നൽകി.

4. 10.01.2022-ൽ നടത്തിയ ഇൻറർവ്യൂവും തുടർന്നുള്ള നടപടിക്രമങ്ങളും

സ്വീകരിക്കുന്നതുമായി ബന്ധപ്പെട്ട ഫയലും മറ്റു രേഖകളും സഹിതം പൊതുവിദ്യാഭ്യാസ ഡയറക്ടർ നിയോഗിച്ച ഉദ്യോഗസ്ഥർ മുഖാന്തരം പരിശോധിച്ചതിൽ 09.03.2022 തീയതിയിൽ ഹർജിക്കാരിയുടെ സെലക്ഷൻ അപ്പ്രൂവൽ പൊതുവിദ്യാഭ്യാസ ഡയറക്ടർ അംഗീകരിച്ചു നൽകുകയും സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ ഫെയർ കോപ്പി ഒപ്പിടുകയും ചെയ്തിരുന്നു. എന്നാൽ ഭിന്നശേഷി സംവരണവുമായി ബന്ധപ്പെട്ട കോടതി ഉത്തരവിന്റെയും സർക്കാർ നിർദേശങ്ങളുടെയും അടിസ്ഥാനത്തിൽ ആയതു പുറപ്പെടുവിച്ചാൽ മതിയെന്ന ഉന്നത ഉദ്യോഗസ്ഥരുടെ നിർദേശപ്രകാരമാണ് ആയതു പുറപ്പെടുവിക്കാതിരുന്നത് എന്ന് കാണാവുന്നതാണ്. .

5.സർക്കാർ ഈ വിഷയം ഹർജിക്കാരിയുടെയും മാനേജരുടെയും വാദങ്ങൾ, സമർപ്പിച്ച രേഖകൾ, വിദ്യാഭ്യാസ ഓഫീസർമാരുടെ റിപ്പോർട്ടുകൾ, നിലവിലെ ചട്ടങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. നിയമനനടപടികളിൽ സാങ്കേതികമായ കാലതാമസമുണ്ടായതിന്റെ പേരിൽ ഹർജിക്കാരിയോടൊപ്പം ഇൻറർവ്യൂവിൽ പങ്കെടുത്ത ഉദ്യോഗാർത്ഥിയായിരുന്ന ശ്രീമതി ഹർഷിതയ്ക്ക് NVT (Commerce) ആയി നിയമനാംഗീകാരം നൽകിയ 22.02.2022-മുതൽ തന്നെ NVT in commerce (Senior) ആയ ശ്രീമതി അതുല്യ കെ.ആർ. ന്റെ നിയമനവും അംഗീകരിക്കണമെന്ന ആവശ്യം അനുവദിക്കുന്നതിന് ചട്ടമോ ഉത്തരവുകളോ നിലവിലില്ല. നിയമനത്തീയതിക്ക് മുമ്പ് ജോലി ചെയ്യാത്ത കാലയളവ് ഡ്യൂട്ടിയാക്കിക്കൊടുക്കേണ്ട അടിയന്തിരസാഹചര്യം ഈ കേസിൽ കാണുന്നില്ല. അപ്രകാരമുള്ള ആവശ്യങ്ങൾ അനുവദിക്കുന്നത് ഭാവിയിൽ ഇത്തരം ആവശ്യങ്ങൾ കൂടുതൽ ഉയർന്നു വരാൻ ഇടയാക്കുകയും തെറ്റായ കീഴ്വഴക്കം സൃഷ്ടിക്കുകയും ചെയ്യും.

6.മേൽ സാഹചര്യത്തിൽ, പാലക്കാട് തിരുവാലത്തൂർ GMVHSS-ലെ NVT in commerce (Senior) അദ്ധ്യാപികയായ ശ്രീമതി അതുല്യ കെ.ആർ. ന്റെ നിയമനം 22.02.2022 മുതൽ തന്നെ അംഗീകരിച്ച് ശമ്പളവും ആനുകൂല്യങ്ങളും അനുവദിച്ചു നൽകുവാനാകില്ല എന്ന നിർദ്ദേശം പൊതു വിദ്യാഭ്യാസ ( തൊഴിലധിഷ്ഠിത ഹയർ സെക്കണ്ടറി വിഭാഗം ) ഡയറക്ടർക്കു നൽകി, അപ്രകാരം സർക്കാരിൽ സമർപ്പിച്ച ExtP6 തീർപ്പാക്കി ശ്രീമതി അതുല്യ കെ.ആർ ബഹു.ഹൈകോടതി മുമ്പാകെ ഫയൽ ചെയ്ത WP(C)No.3334/2025-ന്മേലുള്ള 29/01/2025 തിയ്യതിയിലെ വിധിന്യായം നടപ്പിലാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SHEEJA R S

അഡിഷണൽ സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, കേരളം, എറണാകുളം (ആമുഖ കത്ത് സഹിതം)

പൊതു വിദ്യാഭ്യാസ ഡയറക്ടർ (തൊഴിലധിഷ്ഠിത ഹയർ സെക്കണ്ടറി വിഭാഗം) തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം

ശ്രീമതി അതുല്യ കെ.ആർ, NVT in commerce (Senior) അദ്ധ്യാപിക, GMVHSS ,

തിരുവാലത്തൂർ , പാലക്കാട്

വിവര പൊതുജനസമ്പർക്ക (വെബ് ആന്റ് ന്യൂ മീഡിയ) വകുപ്പ് (പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

Signed by
Meera S S
Date: 22-05-2026 10:15:20

സെക്ഷൻ ഓഫീസർ